പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 270 - 05/03/2012 ൽ മറുപടിക്ക്

സംസ്ഥാനത്തിന്റെ വിഭവ സമാഹരണം

ചോദ്യം

ശ്രീ. വി.പി. സജീന്ദ്രൻ

,, വർക്കല കഹാർ

,, ഷാഫി പറമ്പിൽ

,, പി. എ. മാധവൻ

ഉത്തരം

ശ്രീ. കെ.എം. മാണി

(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തിന്റെ വിഭവ സമാഹരണം ശക്തിപ്പെടുത്തുന്നതിനും നികുതി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; | സംസ്ഥാനത്തിന്റെ വിഭവ സമാഹരണങ്ങൾ ശക്തിപ്പെടുത്തുന്നതിനും നികുതി സംബന്ധമായ പ്രശ്നങ്ങളും നികുതിദായകരുടെ പരാതികളും പരിഹരിക്കുന്നതിനുമായി നികുതി വകുപ്പിന് കീഴിൽ ഗ്രീവൻസ് റിഡ്രസ്സൽ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ വിഭവ സമാഹരണം കാര്യക്ഷമമാക്കുവാനും നികുതിപിരിവിനെ സംബന്ധിച്ച കാര്യങ്ങൾ മോണിറ്റർ ചെയ്യുന്നതിനുമായി നികുതി മേൽനോട്ട സമിതി (Tax Monitoring Cell) രൂപീകരിച്ചിട്ടുണ്ട്. കമ്പോളത്തിൽ ക്രയവിക്രയം ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും വിൽപ്പനക്കണ്ണിയിൽ ഈടാക്കുന്ന വിലനിലവാരം സംബന്ധിച്ച ഡാറ്റാബേസ് ഉണ്ടാക്കുന്നതിലേക്കായി വിലനിരീക്ഷണ സമിതിയും (Price Monitoring Bureau) രൂപീകരിച്ചിട്ടുണ്ട്. വിഭവ സമാഹരണം ശക്തിപ്പെടുത്തുന്നതിനായി അബ്കാരി നിയമത്തിലും നിലവിലുള്ള വിദേശമദ്യ ചട്ടങ്ങളിലും ഫൈൻ, ഫീസ് എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള ഭേദഗതികൾ വരുത്തുന്നതിന് നടപടികൾ എടുത്തുവരുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തിയതിന്റെ ഫലമായി |

| | |
|---|---|
| | വ്യാജമദ്യത്തിന്റെ ഉല്പാദനം, വിതരണം ഉപഭോഗം എന്നിവ തടയുക വഴി സർക്കാരിന്റെ അംഗീകൃത മദ്യ വിൽപനശാലയിലൂടെ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില്പന വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ സർക്കാരിന്റെ നികുതിവരുമാനം വർദ്ധിച്ചിട്ടുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയതിനാൽ അനധികൃത മദ്യത്തിന്റെ കള്ളക്കടത്ത് ഫലപ്രദമായ തടഞ്ഞതുവഴി റവന്യൂ ചോർച്ച തടയാൻ കഴിഞ്ഞിട്ടുണ്ട്; കൂടാതെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കിട്ടാതെ കിടന്ന പഴയ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| ബി) ഇവ പരിഹരിക്കുന്നതിന് വാണിജ്യ നികുതി പരാതി സെൽ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ; | നികുതി സംബന്ധമായ പ്രശ്നങ്ങളും നികുതിദായകരുടെ പരാതികളും പരിഹരിക്കുന്നതിന് നികുതി വകുപ്പിന് കീഴിൽ 22/11/2011 ലെ സർക്കാർ ഉത്തരവ് (ആർ.ടി) നമ്പർ 839/11/ടി.ഡി പ്രകാരം ഗ്രീവൻസ് റിഡ്രസ്സൽ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. |
| സി) തുടങ്ങുമെങ്കിൽ അതിന്റെ ഘടന എപ്രകാരമായിരിക്കും; | ധനകാര്യ വകുപ്പ് മന്ത്രി ചെയർമാനും, വാണിജ്യ നികുതി കമ്മീഷണർ കൺവീനറുമായി രൂപീകരിച്ച 21 അംഗ ഗ്രീവൻസ് റിഡ്രസ്സൽ ബ്യൂറോയിൽ നികുതി വകുപ്പ് സെക്രട്ടറി, വ്യവസായവും വാണിജ്യവും വകുപ്പ് സെക്രട്ടറി, വ്യാപാര വ്യവസായ മേഖലയിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ ഉൾപ്പെടുന്നു. |
| ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | |

അക്കൗണ്ട്സ് ഓഫീസർ